

# പരി.കന്യാമറിയത്തിന്റെ ജനനത്തിരുന്നാൾ

പരി.മറിയത്തിന്റെ മാതാപിതാക്കളെക്കുറിച്ചോ ജനനത്തെക്കുറിച്ചോ കാനോനികസുവിശേഷങ്ങളിൽ പ്രതിപാദിക്കുന്നില്ല. അപ്രമാണികഗ്രന്ഥമായ 'യാക്കോബിന്റെ ആദ്യസുവിശേഷ' ത്തിൽനിന്നാണ് (Protoevangelium of James) മറിയത്തിന്റെ മാതാപിതാക്കൾ ജൊവാക്കിം-അന്ന എന്നിവരാണെന്ന അറിവ് നമുക്ക് ലഭിക്കുന്നത്. ദാവീദിന്റെ കുടുംബത്തിൽ ജൊവാക്കിമിന്റെയും അന്നയുടെയും മകളായാണ് കന്യകാമറിയം ജനിച്ചത് എന്ന് ഈ ഗ്രന്ഥം വിവരിക്കുന്നു.

**1. പരി. മറിയം അപ്രമാണികഗ്രന്ഥങ്ങളിൽ**

ബൈബിളിലെ 73 ഗ്രന്ഥങ്ങളിൽ ഉൾപ്പെടാത്ത, സഭ കാനോനികമായി അംഗീകരിക്കാത്ത, ഗ്രന്ഥങ്ങളെയാണ് അപ്രമാണികഗ്രന്ഥങ്ങൾ എന്നു വിളിക്കുന്നത്. കാനോനികഗ്രന്ഥങ്ങളെ അനുകരിച്ച് എഴുതപ്പെട്ട, അതിശയോക്തി കലർന്ന കഥകളും ഭാവനാത്മകമായ വിവരണങ്ങളും നിറഞ്ഞ ഗ്രന്ഥങ്ങളാണിവ. അപ്രമാണികഗ്രന്ഥങ്ങളിൽ പലതും, കാനോനികഗ്രന്ഥകർത്താക്കളിൽ തെറ്റായി ആരോപിക്കപ്പെട്ടവയാണ്. ആധികാരികത ലഭിക്കാൻ വേണ്ടി ഉപയോഗിച്ചിരിക്കുന്ന വ്യാജനാമങ്ങളാണിവ. എന്നാൽ പല അപ്രമാണികഗ്ര ന്ഥങ്ങളിലും പൗരാണികവും വിശുദ്ധഗ്രന്ഥാധിഷ്ഠിതവുമായ ഘടകങ്ങളുണ്ട്. ആദിമസഭയെപ്പറ്റി കാനോനികഗ്രന്ഥങ്ങളിൽ ഇല്ലാത്ത പല വിശദാംശങ്ങളും അപ്രമാണിക ഗ്രന്ഥങ്ങളിൽനിന്നു ലഭ്യമാണ്.[1] മറിയത്തെ സംബന്ധിക്കുന്ന ചില കാര്യങ്ങളെങ്കിലും അപ്രമാണികഗ്രന്ഥങ്ങളെ ആധാരമാക്കി ഉരുത്തിരിഞ്ഞുവന്നവയാണ്. മറിയത്തിന്റെ ജനനം, മാതാപിതാക്കൾ, മറിയത്തെ ദൈവാലയത്തിൽ സമർപ്പിച്ചത്, മറിയത്തിന്റെ സ്വർഗ്ഗാരോപണം എന്നിവയെല്ലാം അപ്രമാണികഗ്രന്ഥങ്ങളിൽ വിവരിക്കുന്നുണ്ട്.[2]

**2. യാക്കോബിന്റെ ആദ്യസുവിശേഷം**

ഈ ഗ്രന്ഥം 'യാക്കോബിന്റെ സുവിശേഷം', 'യാക്കോബിന്റെ ആദ്യസുവിശേഷം', 'യാക്കോബിന്റെ ശൈശവസുവിശേഷം' എന്നീ പേരുകളിൽ അറിയപ്പെടുന്നു. മറിയത്തിന്റെ അദ്ഭുതകരമായ ജനനത്തെക്കുറിച്ചും കന്യാത്വത്തെക്കുറിച്ചും ഈ ഗ്രന്ഥം വിശദമായി പ്രതിപാദിക്കുന്നു. രണ്ടാം നൂറ്റാണ്ടിലാണ് യാക്കോബിന്റെ സുവിശേഷം എഴുതപ്പെട്ടത് എന്നാണ് പണ്ഡിതനിഗമനം. ഈ ഗ്രന്ഥം ഈശോയുടെ സഹോദരൻ എന്നറിയപ്പെടുന്ന യാക്കോബ് എഴുതിയതാണെന്നാണ് ആരോപിക്കപ്പെടുന്നത്. ബൈബിളിലെ സുവിശേഷങ്ങൾ ഈശോയുടെ ജനനവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് വിവരിക്കുന്നത്. ഈശോയുടെ ജനനത്തിനുമുമ്പുള്ള കഥകൾ വർണ്ണിക്കുന്നതുകൊണ്ടാകാം ഈ ഗ്രന്ഥത്തെ 'ആദ്യസുവിശേഷം' അഥവാ 'ഒന്നാം സുവിശേഷം' എന്ന് വിളിക്കുന്നത്. ഈ ഗ്രന്ഥത്തിന്റെ 140-ൽ അധികം കയ്യെഴുത്തുപ്രതികൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. കോപ്റ്റിക്, അർമേനിയൻ, എത്യോപ്യൻ, സുറിയാനി, അറബിക് തുടങ്ങിയ ഭാഷകളിലേക്ക് ഇത് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഈ ഗ്രന്ഥത്തിന്റെ അറബിക് വിവർത്തനമാണ് ഖുറാനിലെയും ഇസ്ലാം മതത്തിലെയും മറിയത്തെക്കുറിച്ചുള്ള പാരമ്പര്യത്തിന്റെ അടിസ്ഥാനം.

കന്യാമറിയമാണ് ഈ അപ്രമാണികഗ്രന്ഥത്തിന്റെ കേന്ദ്രകഥാപാത്രം. ഈ ഗ്രന്ഥത്തിന് മൂന്ന് ഭാഗങ്ങളും ഒരു ഉപസംഹാരവുമാണുള്ളത്. ഒന്നാം ഭാഗത്ത് (അദ്ധ്യായങ്ങൾ 1-7) അന്ന മറി

---

[1] R. E. Van Voorst, *Jesus Outside the New Testament*, 203.

[2] Raymond E. Brown et al. (ed.), *Mary in the New Testament*, Bangalore: TPI, 2008, 241-253.

യത്തെ ഗർഭം ധരിക്കുന്നത്, മറിയത്തിന്റെ ജനനം, മറിയം യുവതിയായി മാറുന്നത് എന്നീ കാര്യങ്ങളാണ് വർണ്ണിക്കുന്നത്. ഈ ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്ത് (അദ്ധ്യായങ്ങൾ 8-16) മറിയത്തിന്റെ വിവാഹം, ഗർഭധാരണം, കന്യാത്വം എന്നീ കാര്യങ്ങളാണ് വിവരിക്കുന്നത്. ഈശോയുടെ ജനനവും അതുമായി ബന്ധപ്പെട്ട കാര്യങ്ങളുമാണ് മൂന്നാം ഭാഗത്ത് (അധ്യായം 17-24) വിവരിക്കുന്നത്.

മറിയത്തിന്റെ ജനനത്തെക്കുറിച്ച് ഈ ഗ്രന്ഥം ഇപ്രകാരമാണ് വിവരിക്കുന്നത്. മറിയത്തിന്റെ അമ്മയായ അന്ന വന്ധ്യയാണ്. അന്നയെ പരിചാരികയായ യുഥീന പരിഹസിക്കുന്നു. അന്ന ദൈവ സഹായം അപേക്ഷിച്ച് പ്രാർത്ഥിക്കുന്നു. അന്നയുടെ ഭർത്താവായ യൊവാക്കിം ദൈവഭക്തിയുള്ള ധനികനായ ഇസ്രായേൽക്കാരനാണ്. സന്തതികളില്ലാത്തതിന്റെ പേരിൽ കർത്താവിന് കാഴ്ചകളർപ്പിക്കുന്നതിൽ നിന്ന് യൊവാക്കിമിനെ റെവുബേൽ എന്നയാൾ തടയുന്നു. ദുഃഖിതനായ യൊവാക്കിം മരുഭൂമിയിൽ നാല്പതു രാവും നാല്പതു പകലും ഉപവാസത്തിൽ കഴിയുന്നു. ദൈവദൂതൻ അന്നയ്ക്കു പ്രത്യക്ഷപ്പെട്ടു അവൾ ഗർഭം ധരിക്കുമെന്ന് അറിയിക്കുന്നു. യൊവാക്കിമിനും ദൈവദൂതൻ പ്രത്യക്ഷപ്പെടുന്നു. സമയത്തിന്റെ തികവിൽ അന്ന മറിയത്തെ പ്രസവിക്കുന്നു. മറിയത്തിന്റെ നിർമ്മലത കാത്തുസൂക്ഷിക്കാനായി മറിയം മണ്ണിൽ നടക്കാൻ അന്ന സമ്മതിക്കുന്നില്ല. മറിയത്തിന്റെ കിടപ്പുമുറി അന്ന ദൈവാലയം പോലെയാക്കുന്നു. കളങ്കിതരാകാത്ത ഹെബ്രായ സ്ത്രീകളെ മാത്രമെ മറിയത്തെ ശുശ്രൂഷിക്കാനായി അന്ന അനുവദിക്കുന്നുള്ളൂ.[3]

**3. മറിയത്തിന്റെ പിറവിത്തിരുന്നാൾ സാർവ്വത്രികസഭയിൽ**

മറിയത്തിന്റെ പിറവിത്തിരുനാളിനെക്കുറിച്ചുള്ള ആരാധനക്രമപരമായ ആദ്യപരാമർശം നാം കാണുന്നത് പാലസ്തീനായിലെ ഒരു ദൈവാലയത്തിന്റെ പ്രതിഷ്ഠയുമായി ബന്ധപ്പെട്ടാണ്. ഇന്ന് അത് വിശുദ്ധ അന്നയുടെ നാമത്തിലുള്ള ദൈവാലയമാണ്. റോമിൽ ഏഴാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഈ തിരുനാൾ ആഘോഷിച്ചു തുടങ്ങി. പിന്നീട് പാശ്ചാത്യ സഭയിലെ മറ്റു സ്ഥലങ്ങളിലും ഈ തിരുനാൾ ആഘോഷിക്കാൻ തുടങ്ങി. പതിമൂന്നാം നൂറ്റാണ്ടുമുതൽ വലിയ പ്രാധാന്യത്തോടെ ഈ തിരുനാൾ ആഘോഷിക്കാൻ തുടങ്ങി. ബൈസന്റയിൻ സഭയിൽ ഏഴാം നൂറ്റാണ്ടുമുതൽ ഈ തിരുനാൾ ആഘോഷിക്കുന്നുണ്ട്. ഇന്ന് സാർവത്രികസഭയിൽ മറിയത്തിന്റെ പിറവിത്തിരുനാൾ സെപ്റ്റംബർ 8-ാം തിയതിയാണ് ആചരിക്കുന്നത്.[4]

**4. മറിയത്തിന്റെ പിറവിത്തിരുന്നാളും മാർത്തോമ്മാനസ്രാണികളും**

മറിയത്തിന്റെ പിറവിത്തിരുന്നാളിനുമുമ്പ് അനുഷ്ഠിച്ചിരുന്ന എട്ടുനോമ്പ് മാർത്തോമ്മാനസ്രാണികളുടെ മാത്രം തനതായ പ്രത്യേകതയാണെന്നാണ് സഭാചരിത്രപണ്ഡിതനായ ബഹു. പ്ലാസിഡ് പൊടിപ്പാറയച്ചൻ പ്രസ്താവിക്കുന്നത്. ഒമ്പതാം നൂറ്റാണ്ടിൽ മുഹമ്മദീയർ കൊടുങ്ങല്ലൂർ പട്ടണം ആക്രമിച്ചപ്പോൾ തങ്ങളുടെ പെൺമക്കളുടെ ചാരിത്ര്യം കാത്തുസൂക്ഷിക്കുന്നതിന് ക്രിസ്ത്യാനികൾ ആചരിച്ചതാണ് എട്ടുനോമ്പ് എന്നാണ് കരുതപ്പെടുന്നത്. സ്ത്രീകളുടെ നോമ്പായാണ് ഇത് ആരംഭിച്ചതെങ്കിലും സ്ത്രീപുരുഷഭേദമെന്യേ എല്ലാവരും ഇത് ആചരിക്കുന്നുണ്ട്.[5]

ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ
സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി
വടവാതൂർ, 08-09-2021

സീറോമലബാർ ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്, കാക്കനാട്
Read more:wwwsyromalabarliturgy.com

[3] Jose Maniparambil, *Rahasyasuviseshangal* (Mal), Aloor: Biblia Publications, 2011, 285-289.
[4] A. Valentini, "Birth of Mary", in A. Buono (ed.), *Dictionary of Mary*, Bandra: St. Paul's, 2010, 59-62.
[5] Placid J. Podipara, *Mariology of the East*, Kottayam, OIRSI, 1980, 42-43.